(ഡി) തിരുവനന്തപുരം ടെക്നോപാർക്ക് കൂടാതെ കൊച്ചിയിൽ കൂടി ഒരു ടെക്നോപാർക്ക് സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്. ഇതിന് അനേകം കാരണങ്ങളുണ്ട്. സമുദ്രാന്തര കേബിൾ ശൃംഖലകളായ SEA-ME-WE 3-യും SAFE-വും കൊച്ചിയിൽ വന്നെത്തുന്നതുമൂലം വിദേശ രാജ്യങ്ങളുമായുള്ള വാർത്താവിനിമയ ബന്ധത്തിന് ഇന്ത്യയിലെ ഏറ്റവും അനുകൂലമായ നഗരങ്ങളിലൊന്നായി കൊച്ചി മാറിയിരിക്കുന്നു. ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ നഗരങ്ങളിൽ നിന്നുമുള്ള ഡാറ്റാ ട്രാപിക്കിന്റെ ഭൂരിഭാഗവും കൊച്ചിയിൽ കൂടിയാണ് കടന്നുപോകുന്നത്. ഈ കാരണം കൊണ്ടുതന്നെ ഒട്ടേറെ ഇന്ത്യൻ കമ്പനികളും വിദേശ കമ്പനികളും കൊച്ചിയിൽ അവരുടെ സംരംഭങ്ങൾ തുടങ്ങുന്നതിന് താൽപര്യം കാണിക്കുന്നുണ്ട്. ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായമായി വളർന്നു വരുന്ന ബിസിനസ്സ് ഔട്ട് സോർസിൽ (call center) ഏറ്റവും അനുകൂലമായ സാഹചര്യങ്ങളാണ് കൊച്ചിയിൽ ഉള്ളത്. ആധുനികമായ ഒരു വിമാനത്താവളവും അന്തർദേശീയ നിലവാരത്തിലുള്ള ഹോട്ടലുകളും കൊച്ചിക്ക് വിദേശീയരിൽ താൽപര്യം വർദ്ധിപ്പിക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് പ്രധാനമായും ITES മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് മറ്റൊരു ടെക്നോപാർക്ക് കൊച്ചിയിൽ തുടങ്ങാൻ തീരുമാനമെടുത്തിട്ടുള്ളത് പ്രൈവറ്റ് മേഖലയിലും രണ്ട് ഐ.ടി. പാർക്കുകൾ കൊച്ചിയിൽ നിർമ്മിക്കാൻ തീരുമാനിക്കപ്പെട്ടിട്ടുള്ളത്. കൊച്ചിയിലെ ഈ മേഖലയിൽ സാദ്ധ്യതകൾ ഉണ്ടെന്നതിന്റെ തെളിവാണ്.

പ്ലാന്റേഷൻ ഹൈ പവർ കമ്മിറ്റി

53 (4213) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ദേശീയ അംഗീകാരം ഉള്ളതും തോട്ടം മേഖലയിൽ പ്രവർത്തിക്കുന്നതുമായ എല്ലാ തൊഴിലാളി യൂണിയനുകളുടെയും പ്രതിനിധികളെ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി. 24-1-2003-ലെ ജി.ഒ. (ആർ.ടി.) 344/03/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ കമ്മിറ്റിയിൽ ദേശീയ അംഗീകാരമുള്ളതും തോട്ടം മേഖലയിൽ പ്രവർത്തിക്കുന്നതുമായ പ്രമുഖ തൊഴിലാളി യൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly